LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

201 (268) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; വിശവിവരം നൽകുമോ ;

(സി) കൂടുതൽ മേഖലകളിലേക്ക് വകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വകുപ്പ് ശക്തിപ്പെടുത്തുന്നതിനുമായി വകുപ്പിന് 180 അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് 17-6-2010-ലെ ജി.ഒ. (എംഎസ്.) 338/10/ധന. പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 6-8-2009-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5365/09/ധന. പ്രകാരം 14 പുതിയ താൽക്കാലിക തസ്തികകൾ തിരുവിതാംകൂർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഡിറ്റിനുവേണ്ടി സൃഷ്ടിച്ച് ഈ വകുപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വകുപ്പിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് നൽകി വരുന്ന നാല് മാസത്തെ പരിശീലനം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരാരംഭിച്ചു. ഓഡിറ്റിലെ നവീന രീതികളും മേഖലകളും പരിചയപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ജീവനക്കാർക്ക് കില, ഐ.എം.ജി., ഐ.കെ.എം. എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ 6-8-2009-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5365/09/ധന. പ്രകാരം 14 താൽക്കാലിക തസ്തികകളും 17-6-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 338/10/ധന പ്രകാരം 180 പുതിയ തസ്തികകളും ഉൾപ്പെടെ ആകെ 194 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 5 യൂണിവേഴ്സിറ്റി ഓഡിറ്റ് വിംഗിന്റേയും 5 കോർപ്പറേഷൻ ഓഡിറ്റ് വിഭാഗത്തിന്റേയും മേധാവികളുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.

(സി) പുതിയ തസ്തികകൾ അനുവദിച്ച് വകുപ്പ് ശക്തമാക്കിയ സാഹചര്യത്തിൽ നിലവിലുള്ള ഓഡിറ്റ് നിയമപ്രകാരം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടേയും സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളുടേയും ഓഡിറ്റ് കൂടുതൽ ശക്തമാക്കുന്നതിനാണ് വകുപ്പ് ഇപ്പോൾ ശ്രദ്ധിക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേക്കായി ഓരോ വർഷവും ക്രിയാത്മകമായ പരിപാടി നടപ്പിലാക്കി വരുന്നു. ഇതുമൂലം ഓരോ വർഷവുമുള്ള ഓഡിറ്റ് കുടിശ്ശിക ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. സമയ ബന്ധിതമായി കണക്കുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി വാർഷിക കണക്കുകളുടെ കുടിശ്ശികയിലും കുറവുണ്ടായിട്ടുണ്ട്.

കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

202 (269) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ പഞ്ചായത്തിൽപ്പെട്ട കാഞ്ഞാണിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച് ഇനിയും ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) കെ.എസ്.എഫ്.ഇ. കാഞ്ഞാണി ശാഖയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാഞ്ഞാണി പ്രദേശത്ത് ശാഖ തുടങ്ങുന്നതിനുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമായ ഓഫീസ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.യിൽ പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ

203 (270) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് കാറ്റഗറിയിലേക്ക് പ്യൂൺ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷൻ എത്ര ശതമാനം ആണ് ;

LIBRARY ARCHIVES Kerala Legislative Assembly